# 'അന്യോന്യം കൈക്കൊൾവിൻ'

## റോമർ 15:7

"അതുകൊണ്ടു ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈക്കൊണ്ടതു പോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ."

അദ്ധ്യായം 15 ആരംഭിക്കുന്നത് തന്നെ പരസ്പരം സഹോദരന്മാരെ കരുതുന്നതിനെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്, അതു തന്നെയായിരുന്നു ക്രിസ്തുവിന്റെ സ്വഭാവത്തിലെ ഏറ്റവും മേന്മയേറിയ ഗുണഗണമായി നമുക്ക് പറയുവാൻ കഴിയുന്നത്. മറ്റുള്ളവർ, എന്ന ചിന്തയാണ് അവനെ ഭരിച്ചിരുന്നത്. അതുകൊണ്ട് തന്നെയാണ് അവൻ നമുക്ക് വേണ്ടി യാഗമായി തീരുവാൻ തുനിഞ്ഞ് നമ്മോട് സ്നേഹം കാണിച്ചത്. എന്നാൽ ഇന്ന് നാം ആയിരിക്കുന്ന സമൂഹത്തിൽ ഒരുവൻ മറ്റൊരുവനെ കാണുന്നത് എപ്രകാരമാണ്. ഓരോരുത്തനും അവനവൻ ആയിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ചാണ് മറ്റുള്ളവരെ കാണുന്നതും അംഗീകരിക്കുന്നതും.

എന്തിന്നു സമൂഹത്തെക്കുറിച്ച് പറയുന്നു. ഇന്നത്തെ കൂട്ടയ്മ അനുഭവവും ഒട്ടും വ്യത്യസ്തമല്ല. തങ്ങളുടേതായ നിബന്ധനകളും മറ്റും പാലിക്കുന്ന ഒരു ഗണത്തെയാണ് തങ്ങളുടെ കൂട്ടായ്മയിലേക്ക് പ്രവേശിപ്പിക്കുവാൻ ഓരോരുത്തരും തുനിയുന്നത്. എന്നാൽ അവിടെ വാസ്തവത്തിൽ ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുന്നുണ്ടോ? അവൻ നമ്മെ നാം ആയിരുന്നതുപോലെ സ്വീകരിച്ചത് നമ്മുടെ മേന്മയോ മറ്റു സവിശേഷതകളോ ഒന്നും നോക്കിയല്ല. അവൻ ഏവനേയും ഒരേപോലെ സ്നേഹിച്ചു, ഏവരുടെയും ചെറുതും വലുതുമായ പാപങ്ങൾ ഒരേ മനസ്സിനാൽ ഏറ്റെടുത്തു. ആയതിനാൽ ഇന്ന് ദൈവം ഒരുവനെ നോക്കുമ്പോൾ തന്റെ പുത്രനായ ക്രിസ്തുവിന്റെ നിർദ്ദോഷവും നിഷ്കളങ്കവുമായ പുണ്യാഹരക്തത്തിന്റെ തെളിമയിലൂടെ മാത്രമേ കാണുകയുള്ളൂ.

യക്കോബ് ലേഖനത്തിൽ ഇപ്രകാരം പറയുന്നു "നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർസിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും." (യാക്കോബ് 1:5). എന്നാൽ ഇന്നത്തെ സ്ഥിതി മറ്റൊന്നാണ്, സമൂഹത്തിൽ നല്ല സമ്പത്തുള്ളവരെയും, മാന്യതതയുള്ള വ്യക്തികളെയും മറ്റും അംഗീകരിക്കുവാനും അവർക്കു വേണ്ടുന്നതായ ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുന്നതിന്നും ഒരിക്കലും ആരും പിന്നോക്കം പോകുന്നില്ല. എന്നാൽ വാസ്തവത്തിൽ സഹായം ലഭിക്കേണ്ടവന്നു അതു ലഭിക്കുന്നുമില്ല. ഇവിടെയാണ് ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ വെളിപ്പെടേണ്ടത്. കൂട്ടുകാരനു വേണ്ടി തന്റെ ജീവനെ

കൊടുക്കുന്നതിലും വലിയ സ്നേഹം വേറെയില്ല എന്നു പഠിപ്പിച്ച ക്രിസ്തു അത് നിവർത്തിച്ചു കാണിക്കുക തന്നെ ചെയ്തു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ എന്ന് ദൈവത്തിന്റെ വചനം നമ്മോട് സംസാരിക്കുന്നു.

അതിനാൽ പ്രിയരെ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവീക ഉദ്ദേശ്യം എന്നു പറയുന്നത്, ക്രിസ്തു നമ്മെ സ്വീകരിച്ചതുപോലെ ഏവരെയും നാം സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുക, ക്രിസ്തുവിന്റെ സുവിശേഷം ഈ ലോകമാകമാനം പരത്തുക. അത് മറ്റു ലാഭേഛകൾക്കു ഒന്നിനും വേണ്ടിയല്ല, മറിച്ചോ കർത്താവ് കാണിച്ചു തന്നതുപോലെ പൂർണ്ണമായും ദൈവമഹത്വത്തിനായി മാത്രം ചെയ്യുക. അത് നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻ കീഴിൽനിന്നുകൊണ്ട് നമുക്ക് പൂർത്തീകരിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:
സങ്കീർത്തനങ്ങൾ 22:22
ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും: സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 120